സി2-80/2017/DCEKM

കളക്ടേറ്റ്, എറണാകുളം

തീയതി :15.11.2021

## എറണാകുളം കളക്ടേറ്റ് സ്പാർക്ക് ഹാളിൽ 11.11.2021 -ൽ ജില്ലാകളക്ടർ ജാഫർ മലിക് ഐ.എ.എസ്-ന്റെ അദ്ധ്യക്ഷതയിൽ നടന്ന എൽ.എ കോൺഫറൻസിന്റെ മിനിറ്റ്സ്

യോഗം രാവിലെ 10 മണിയ്ക്ക് ആരംഭിച്ച യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

| ക്രമ നം. | പേര് /ഔദ്യോഗിക മേൽവിലാസം |
|---|---|
| 1. | ശ്രീ. പി.ബി സുനിലാൽ, ഡെപ്യൂട്ടി കളക്ടർ (എൽ.എ) |
| 2. | ശ്രീ.പി. രാജൻ ,ഡെപ്യൂട്ടി കളക്ടർ (Rt) ആർ.ബി.ഡി.സി.കെ |
| 3. | ശ്രീ. മോസിൻ ബാൾക്കർ, മാനേജർ, ആർ.ബി.ഡി.സി.കെ |
| 4. | ശ്രീമതി. ജെസ്സി അഗസ്റ്റിൻ , സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റെയിൽവെ |
| 5. | ശ്രീമതി. സുജയ ആർ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ.3, വൈറ്റില |
| 6 | ശ്രീമതി. ബോബി റോസ് സ്പെഷ്യൽ തഹസിൽദാർ എൽ.എ, എൻ.എച്ച് നമ്പർ .1 |
| 7. | ശ്രീമതി. നിമ്മമോൾ ഏലിയാസ് എക്സിക്യൂട്ടിവ് എഞ്ചിനീയർ , കെ.ആർ എഫ്.ബി, മൂവാറ്റുപുഴ, ഇടുക്കി ഡിവിഷൻ |
| 8. | ശ്രീമത. സീനത്ത് എം.എസ് , സ്പെഷ്യൽ തഹസിൽദാർ ,എൽ.എ ജനറൽ |
| 9. | ശ്രീമതി. ഷീബ എസ് |
| 10. | ശ്രീ.പി.ഒ ഐനസ്, ജൂനിയർ സൂപ്രണ്ട്, സ്പെഷ്യൽ തഹസിൽദാർ എൽ.എ എൻ.എച്ച് നമ്പർ .2 |
| 11. | ശ്രീ.മോഹൻദാസ് പിള്ള, കെ.എം.ആർ.എൽ |
| 12. | ശ്രീ. മുരളിധരൻ പിള്ള, കെ.എം.ആർ.എൽ |
| 13. | ശ്രീ.പീയൂസ് വർഗ്ഗീസ് , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ജി ബ്രിഡ്ജസ് |
| 14 | ശ്രീമതി. സൈനബ ബി.പി പ്രോജക്റ്റ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി |
| 15. | ശ്രീ.അമൽ രാജ് എം, പ്രോജക്റ്റ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി |
| 16. | ശ്രീ. രാഹുൽ കൃഷ്ണ, പ്രോജക്റ്റ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി |
| 17. | ശ്രീമതി. ശില്പ കെ.എം, പ്രോജക്റ്റ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി -പി.എം.യു എറണാകുളം |

18. ശ്രീമതി. അമ്പിളി ജി.ബി സോണൽ മാനേജർ, കിൻഫ്ര

19. ശ്രീ.ബാബു പി.കെ, എസ്.എ(എൽ.എം) കിൻഫ്ര

20. ശ്രീ.അഷറഫ് പി.പി , സ്പെഷ്യൽ തഹസിൽദാർ, കെ.ഐ.എ നെടുമ്പാശ്ശേരി

21. ശ്രീ. ആന്റണി ഇ.ജെ. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പിറവം

22. ശ്രീ. പി.കെ രാജേന്ദ്രൻ, ലെയ്സൺ ഓഫീസർ, ഇൻഫോ പാർക്ക്

23 ശ്രീ. ദിനേഷ് ഗോപാൽ, സീനിയർ എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഇൻഫോ പാർക്ക്

24 ശ്രീ.അനു രാജ് പി.ആർ, കൊച്ചി മെട്രോ റെയിൽ

യോഗത്തിലേയ്ക്ക് എല്ലാവരെയും അദ്ധ്യക്ഷൻ സ്വാഗതം ചെയ്തു. യോഗത്തിന് ആമുഖമായി ജില്ലാകളക്ടർ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചു

**1.** എറണാകുളം ജില്ലയിൽ ധാരാളം പൊന്നുംവില നടപടികൾ ഉള്ളതാണെന്നും അവയുടെ നടത്തിപ്പിൽ നിലവിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അഭിപ്രായപ്പെട്ടു. ടി പദ്ധതികളിൽ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ അർത്ഥനാധികാരിയും, ലാൻഡ് അക്വിസിഷൻ ഓഫീസറും സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചു. അർത്ഥനാധികാരിയോട് ലാൻഡ് അക്വിസിഷൻ ഓഫീസർ എന്തു സഹായം ആവശ്യപ്പെട്ടാലും ആയത് താമസം വരുത്താതെ നൽകേണ്ടതാണെന്നും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അർത്ഥനാധികാരിയുടെ ഭാഗത്തു നിന്നും കൃത്യമായ ലെയ്സൺ ഉണ്ടായിരിക്കണമെന്നും ജില്ലാകളക്ടർ അറിയിച്ചു കൂടാതെ പദ്ധതികൾക്കാവശ്യമായ ഫണ്ട് അർത്ഥനാധികാരി സമയബന്ധിതമായി അനുവദിക്കേണ്ടതാണെന്നും ജില്ലാകളക്ടർ അറിയിച്ചു.

**2.** ജനപ്രതിനിധികൾ അവലോകനം ചെയ്യുന്ന മീറ്റിംങ്ങുകളിൽ നൽകുന്ന സമയപരിധി കൃത്യമായും പാലിക്കേണ്ടതും, അല്ലാത്തപക്ഷം ലാൻഡ് അക്വിസിഷൻ ഓഫീസർ അതിനുള്ള വിശദീകരണം അടുത്ത മീറ്റിംഗിൽ നൽകേണ്ടതാണെന്നും നിർദ്ദേശിച്ചു. എല്ലാ പദ്ധതികളുടെയും വ്യക്തമായ ടൈം ലൈൻ അതാതു പൊന്നുവില തഹസിൽദാർമാർ തയ്യാറാക്കേണ്ടതാണെന്നും ആയതിന്റെ ഒരു പകർപ്പ് ഡെപ്യൂട്ടി കളക്ടർക്കു നൽകേണ്ടതുമാണ്. കൂടാതെ ആയതിൽ പ്രതിപാദിച്ചിരിക്കുന്ന സമയപരിധി തെറ്റാതെ നടപടി പൂർത്തികരിക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം പൊന്നുംവില തഹസിൽദാർക്കാണെന്നും ജില്ലാകളക്ടർ അറിയിച്ചു. കൂടാതെ പ്രോജക്ടുകൾ വൈകുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത, വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ വഹിക്കേണ്ടിവരുമെന്നും, ആയതിന്മേൽ കർശന നടപടികൾ ഉണ്ടാകുമെന്നും ജില്ലാകളക്ടർ അറിയിച്ചു.

**3.** പൊന്നുംവില തഹസിൽദാർമാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവിധ നോട്ടിഫിക്കേഷനുകളിൽ തെറ്റുകൾ വരാതെ നോക്കേണ്ടതാണെന്ന് ജില്ലാകളക്ടർ

അറിയിച്ചു. തെറ്റുകൾ തിരുത്തുന്നതിനു വരുന്ന കാലയളവ് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നും ജില്ലാകളക്ടർ അറിയിച്ചു.

4. ജില്ലയിലെ പദ്ധതികളുടെ കെട്ടിട വിലനിർണ്ണയം PWD (ബിൽഡിംഗിൽ) നിന്നും കിട്ടുന്നതിനുള്ള കാലതാമസം എല്ലാ പദ്ധതികളെയും ബാധിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുള്ളതായും ആയത് സമയത്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ PWD (ബിൽഡിംങ്സ്) സ്വീകരിക്കേണ്ടതാണെന്നും ജില്ലാകളക്ടർ അറിയിച്ചു.

5. ജില്ലയിലെ വിവിധ പൊന്നുംവില ഓഫീസുകളിൽ നടത്തിയ ആകസ്മിക സന്ദർശനങ്ങളിൽ ഓഫീസുകളിൽ മതിയായ അച്ചടക്കം പാലിക്കപ്പെടുന്നില്ലായെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന് ജില്ലാകളക്ടർ അറിയിച്ചു. പൊന്നുംവില ഓഫീസുകളിൽ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടെന്നും, ഓഫീസ് സമയത്ത് ഓഫീസിൽ ഉണ്ടെന്നും ഉറപ്പുവരുത്തേണ്ടത് പൊന്നുംവില തഹസിൽദാർമാരുടെ പൂർണ്ണ ഉത്തരവാദിത്വമാണെന്നും ജില്ലാകളക്ടർ അറിയിച്ചു. ഓഫീസിൽ വ്യക്തമായ കാരണങ്ങളില്ലാതെ ഹാജരാകാത്തവരുടെ ആ ദിവസത്തെ ശമ്പളം നൽകേണ്ടതില്ലയെന്നും ജില്ലാകളക്ടർ അറിയിച്ചു. കൂടാതെ പൊന്നുംവില ഓഫീസുകളിലെ ജീവനക്കാർക്ക് അവധി അനുവദിക്കുന്നതിന് മുമ്പായി ജില്ലാകളക്ടറുടെ അനുമതി വാങ്ങേണ്ടതാണെന്നും ജില്ലാകളക്ടർ അറിയിച്ചു.

6. പൊന്നുംവില നടപടികളുടെ സമയപരിധി വീഴ്ച കൂടാതെ പാലിക്കുന്നതിന് ആവശ്യമായ താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനും, ഓഫീസിന് ആവശ്യമായ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനും വാഹനം വാടകയ്ക്കെടുക്കുന്നതിനും റിക്വിസിഷൻ അതോറിറ്റി നൽകിയ contingency fund ൽ നിന്നും വിനിയോഗിക്കാവുന്നതാണെന്ന് പല മീറ്റിറ്റിംഗുകളിലും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പലരും ആയത് പാലിക്കുന്നതായി കാണുന്നില്ല എന്നും വീണ്ടും ഇതേ ആവശ്യങ്ങൾ തന്നെ പറയുകയും ചെയ്യുന്നു. ടി പ്രവണത തുടരുന്നത് ആശാസ്യമല്ലെന്നും, contingency fund ൽ നിന്നും മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കേണ്ടതാണെന്നും ജില്ലാകളക്ടർ അറിയിച്ചു. ഈ വിഷയങ്ങൾ കാരണം പദ്ധതികൾ വൈകുവാനിടയായാൽ അത് ഗുരുതരവീഴ്ചയായി കണക്കാക്കി നടപടി സ്വീകരിക്കുമെന്നും ജില്ലാകളക്ടർ അറിയിച്ചു.

7. ലാൻഡ് അക്വിസിഷൻ ഓഫീസർമാരുടെ റിപ്പോർട്ട് ലഭ്യമാക്കി എൽ.എ കോൺഫറൻസിനു മുൻപ് അതാത് സീറ്റിൽ നിന്ന് ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ അപ്പ്ഡെയ്റ്റ് ചെയ്ത് ജില്ലാകളക്ടർക്ക് നൽകേണ്ടതാണെന്ന് എൽ.എ സെക്ഷൻ ജൂനിയർ സൂപ്രണ്ടിന് നിർദ്ദേശം നല്കി. ഗൂഗിൾ ഷീറ്റിൽ റിക്വിസിഷൻ അതോറിറ്റിയുടെ പേരുകൾ അപ്പ് ഡെയ്റ്റ് ചെയ്യേണ്ടതാണ്.

8. കിഫ്ബി കാര്യാലയത്തിൽ ലീൻ ഉള്ളതും, നിലവിൽ കോതമംഗലം താലൂക്കിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതുമായ രണ്ട് ചെയിൻമാൻമാരെ

കിഫ്ബി തഹസിൽദാർ മുൻപാകെ ജോലിയ്ക്ക് ഹാജരാകുവാൻ നിർദ്ദേശം നല്കുവാൻ 28.10.2021 ലെ മീറ്റിംഗിൽ ഹുസൂർ ശിരസ്തദാർക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ടി ജീവനക്കാർ ഹാജരാകാത്ത സാഹചര്യത്തിൽ ടി ജീവനക്കാർ കിഫ്ബി സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ നേരിട്ട് ഹാജരായ ശേഷം മാത്രം ശമ്പളം നൽകിയാൽ മതിയെന്ന് ജില്ലാകളക്ടർ നിർദ്ദേശിച്ചു .

**9.** എൻ.എച്ച് നമ്പർ.3 കാര്യാലയത്തിൽ സർവ്വെയർമാർ ഇല്ല എന്നും ലീവുള്ള സർവ്വെയർമാരെ എൽ.എ ജനറലിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചു വെന്നും ലാൻഡ് അക്വിസിഷൻ ഓഫീസർ അറിയിച്ചതിൽ നിലവിലുള്ള സർവ്വെയർ തിരികെ വരുന്നതുവരെ ദിവസ വേതനാടിസ്ഥനത്തിൽ 2 സർവെയ്യർമാരെ നിയമിച്ച് പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുവാൻ നിർദ്ദേശിച്ചു

## <u>വിവിധ പ്രോജക്ടുകളുടെ അവലോകനം</u>

### <u>സ്പെഷ്യൽ തഹസിൽദാർ എൽ.എ. കിഫ്ബി</u>

1) **<u>റ്റി.എം. ജേക്കബ് മെമ്മോറിയൽ ഗവ. കോളേജ്, മണിമലക്കുന്ന്- സ്റ്റേഡിയം ഡെവലപ്മെന്റ്</u>**

ജോയിന്റ് സൈറ്റ് ഇൻസ്പെഷൻ നടത്തി എൽ.എ കോസ്റ്റ് റിക്വിസിഷൻ അതോറിറ്റിയെ അറിയിച്ചിട്ടുണ്ടെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അറിയിച്ചു

2). **<u>നായരമ്പലം ഹെർബർട്ട് ബ്രിഡ്ജ്, ചേന്ദമംഗലം മാട്ടുപുറം, പൂത്തോട്ട എസ്.എൻ ജംഗ്ഷൻ</u>** മുതലായ കെ.ആർ.എഫ്.ബിയുടെ പദ്ധതികളിൽ അലൈൻമെന്റ് കല്ലുകൾ നാളിതുവരെ സ്ഥാപിക്കാത്തതിനാൽ, ജോയിന്റ് സൈറ്റ് ഇൻസ്പെഷൻ നടത്തുവാൻ സാധിച്ചിട്ടില്ലായെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അറിയിച്ചു. കെ.ആർ.എഫ്.ബി യുടെ പദ്ധതികൾ എല്ലാം തന്നെ വളരെ പതുക്കെയാണ് പുരോഗമിക്കുന്നതെന്നും ആയത് വേഗത്തിലാക്കുവാൻ വേണ്ട നടപടികൾ കെ.ആർ.എഫ്.ബി യുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ജില്ലാകളക്ടർ അറിയിച്ചു.

3). **<u>ജലവിതരണ പദ്ധതി കരുമാല്ലൂർ, കുന്നുകര പഞ്ചായത്ത്</u>** - ടി പദ്ധതികളുടെ ഡി.ഡി 15.12.2021 ന് പ്രിസിദ്ധീകരിക്കുന്നതിനുള്ള നടപടി എൽ.എ.ഒ സ്വീകരിക്കേണ്ടതാണെന്ന് ജില്ലാകളക്ടർ ആവശ്യപ്പെട്ടു.

4). **<u>ഗിഫ്റ്റ് സിറ്റി</u> -** ആർ.ആർ പാക്കേജ് പ്രോപ്പോസൽ ഇന്ന് തന്നെ അംഗീകരിച്ച് പത്രത്തിൽ നൽകുമെന്ന് ഡെപ്യൂട്ടി കളക്ടർ അറിയിച്ചു ആർ.ആർ പാക്കേജ് പ്രോപ്പോസൽ 30.11.2021 ന് തന്നെ അംഗീകാരത്തിനായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടതാണെന്ന് ജില്ലാകളക്ടർ നിർദ്ദേശിച്ചു 20.11.2021 ന് മുൻപ് മറ്റു വകുപ്പുകളിൽ നിന്നും വാല്യൂവേഷൻ പൂർത്തിയാക്കി എൽ.എ. കോസ്റ്റ് കിൻഫ്രയെ അറിയിക്കേണ്ടതാണെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നിർദ്ദേശം നല്കി. പദ്ധതിയുമായി ബന്ധപ്പെട്ട അടുത്ത മീറ്റിംഗ് 20.11.2021 ന് നടത്തുമെന്ന് അറിയിച്ചു. ഗിഫ്റ്റ്

സിറ്റി പദ്ധതി സമയപരിധിക്കുള്ളിൽ തന്നെ പൂർത്തികരിക്കേണ്ടതാണെന്ന് ജില്ലാകളക്ടർ നിർദ്ദേശിച്ചു. ടി കാര്യാലയത്തിലെ ലീവിലുള്ള റവന്യൂ ഇൻസ്പെക്ടർമാർ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം നേരിട്ട് ജില്ലാകളക്ടറെ കാണുവാൻ ആവശ്യപ്പെട്ടു.

5). **<u>IURWTS – 4 കനാലുകൾ</u>** - 2 കനാലുകളുടെ SIA പഠനം പുരോഗമിക്കുന്നു എന്നും തേവര മാർക്കറ്റ് ഇടപ്പള്ളി കനാലിന്റെ കരട് 4(1) രണ്ട് ദിവസത്തിനകം നൽകാമെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അറിയിച്ചു. ചിലവന്നൂർ കനാലിന്റെ 4(1) ഗവൺമെന്റ് അംഗീകാരത്തിനായി നല്കിയിട്ടുള്ളതാണ്.

6). **<u>അറ്റ്ലാന്റിസ് ആർ.ഒ.ബി</u>** - കണ്ടിൻജൻസ് ചാർജ്ജ് കൊച്ചിൻ കോർപ്പറേഷൻ കാര്യാലയത്തിൽ നിന്നും കൈമാറി നൽകിയിട്ടില്ലായെന്ന് കിഫ്ബി തഹസിൽദാർ അറിയിച്ചു. ഫണ്ട് കൈമാറുന്നതിനായി ഒരാഴ്ച മുൻപ് തന്നെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും, സാങ്കേതിക തടസ്സം കൊണ്ടാണ് മാറാത്തതെന്നും സ്പെഷ്യൽ തഹസിൽദാർ, കൊച്ചി കോർപ്പറേഷൻ, അറിയിച്ചു. ബില്ല് സംബന്ധിച്ച വിവരങ്ങൾ ടോക്കൺ നമ്പർ, തീയതി എന്നിവ സഹിതം ഇന്നു തന്നെ എൽ.എ സെക്ഷനിൽ അറിയിക്കുവാനും, ഡെപ്യൂട്ടി കളക്ടർ ടി വിഷയം ട്രഷറിയുമായി ബന്ധപ്പെട്ട് പരിഹരിക്കുവാനും ജില്ലാകളക്ടർ നിർദ്ദേശിച്ചു.

7). **<u>സീപോർട്ട് എയർ പോർട്ട് റോഡ്</u>** - എക്സ്പർട്ട് കമ്മിറ്റി റിപ്പോർട്ട് ഇന്നു തന്നെ ഗവൺമെന്റിലേയ്ക്ക് അംഗീകാരത്തിനായി നൽകണമെന്നും 11(1) നോട്ടിഫിക്കേഷൻ 25.11.2021 ന് മുൻപ് നൽകുവാൻ ലാൻഡ് അക്വിസിഷൻ ഓഫീസറോട് നൽകുവാനും നിർദ്ദേശിച്ചു.

8). **<u>ജലവിതരണ പദ്ധതി പൈങ്ങോട്ടൂർ</u>** - റിക്വിസിഷൻ അതോറിറ്റിയ്ക്ക് ആവശ്യമെങ്കിൽ സ്ഥലം ഉടമകളുടെ സമ്മതം വാങ്ങി റിക്വിസിഷൻ അതോറിറ്റിക്ക് നേരിട്ട് സ്ഥലം അഡ്വാൻസ് പൊസഷൻ എടുത്ത് പണി തുടങ്ങാവുന്നതാണെന്നും, എൽ.എ.ഒ ബി.വി.ആർ ഉം ഡി.ഡിയും ഉടൻ തന്നെ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

**<u>സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ</u>**

1). **<u>വടുതല പേരണ്ടൂർ ബ്രിഡ്ജ്</u>** - സർവ്വെ വർക്ക് അടിയന്തരമായി പൂർത്തീകരിച്ച് ഡി.ഡി എത്രയും പെട്ടെന്ന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

2). **<u>കാക്കനാട് കോതമംഗലം സെക്കന്റ് ഫേസ്</u>** - അലൈൻമെന്റിൽ സംശയം ഉള്ളതിനാൽ അർത്ഥനാധികാരി എൽ.എ.ഒ എന്നിവരെ കൂടി മീറ്റിംഗ് നടത്തി ആയതിൽ തീരുമാനം ഉണ്ടാക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.എ) യെ ചുമതലപ്പെടുത്തി.

3) **<u>ആലിൻചുവട് വെണ്ണല റോഡ്</u>** - ഡ്രാഫ്റ്റ് അവാർഡ് അടിയന്തരമായി സമർപ്പിക്കുവാൻ ലാൻഡ് അക്വിസിഷൻ ഓഫീസറോട് നിർദ്ദേശിച്ചു

4). **പെരുമ്പാവൂർ ബൈപ്പാസ്** - ആധാരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡി.വി.എസ് തയ്യാറാക്കുവാൻ സാധിക്കുന്നില്ല എന്ന് എൽ.എ.ഒ അറിയിച്ചതിൽ ആധാരം കക്ഷികൾ സമർപ്പിക്കാത്ത കേസുകളിൽ തണ്ടപ്പേർ കണക്ക പ്രകാരം ഡി.വി.എസ്സ് തയ്യാറാക്കി 15.11.2021 ന് തന്നെ സമർപ്പിക്കേണ്ടതാണെന്നും സമയപരിധി പാലിക്കുന്നതിൽ യാതൊരു കാരണവാശാലും വീഴ്ച വരുത്തുവാൻ പാടില്ല എന്നും ജില്ലാകളക്ടർ നിർദ്ദേശിച്ചു

**സ്പെഷ്യൽ തഹസിൽദാർ എൽ.എ, എൻ.എച്ച് നമ്പർ.1 കാക്കനാട്**

1). **കമ്പളം തേരവ ബ്രിഡ്ജ്** - അലൈൻമെന്റ് മാറ്റം ഉള്ളതായി എൽ.എ.ഒ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്തി എൽ.എ.ഒയ്ക്ക് അടിയന്തരമായി കത്തു നല്കുവാൻ കെ.ആർ.എഫ്.ബി യോട് നിർദ്ദേശിച്ചു.

2). **എം.സി റോഡ് വികസനം** - ആർ.ആർ പാക്കേജ് എത്രയും വേഗം സമർപ്പിക്കുവാനും ടൈം ലൈൻ പ്രകാരം തന്നെ ഡി.ഡി പ്രസിദ്ധീകരിക്കേണ്ടതാണെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

**സ്പെഷ്യൽ തഹസിൽദാർ എൽ.എ, എൻ.എച്ച്. നമ്പർ .3 വൈറ്റില**

1). **മുനമ്പം അഴിക്കോട് ബ്രിഡ്ജ്** - ബിൽഡിംഗ് വാല്യൂവേഷൻ ലഭിക്കാത്തതിനാൽ ഡി.വി.എസ് സമർപ്പിക്കുവാൻ സാധിക്കുന്നില്ല എന്ന് എൽ.എ.ഒ അറിയിച്ചു. അർത്ഥനാധികാരിയായ കെ.ആർ.എഫ്.ബി യോട് ബിൽഡിങ്ങ് വാല്യൂവേഷൻ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

2). **വലിയ കടമക്കുടി ചാത്തനാട്** - ആർ.ആർ പാക്കേജിന് പകരം ഭൂമി നൽകുന്നിന് തീരുമാനം ആക്കുന്നതിന് ജിഡ ലാൻഡ് അക്വിസിഷൻ ഓഫീസറുമായി മീറ്റിംഗ് നടത്തുവാൻ ഡെപ്യൂട്ടി കളക്ടർ എൽ.എ യെ ചുമതലപ്പെടുത്തി.

**സ്പെഷ്യൽ തഹസിൽദാർ, കെ.ഐ.എ നെടുമ്പാശ്ശേരി**

1). **ആലുങ്കൽകടവ് പാലം**

പദ്ധതിയുടെ ഡി.ഡി പ്രസിദ്ധപ്പെടുത്തിയ സാഹചര്യത്തിൽ ബാക്കി തുക അടിയന്തമായി ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറേണ്ടതാണെന്ന് പി.ഡബ്ല്യൂ.ഡി ബ്രിഡ്ജ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. ടി പദ്ധതിയുടെ ഡി.വി.എസ് എത്രയും പെട്ടെന്ന് സമർപ്പിക്കുവാൻ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി. സമയപരിമിതി മൂലം മറ്റു പദ്ധതികളുടെ അവലോകനം അടുത്ത യോഗത്തിൽ വിശദമായി നടത്തുന്നതാണെന്നും എല്ലാ മാസവും എൽ.എ കോൺഫറൻസ് നടത്തുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചു.

യോഗം 11.30 അവസാനിച്ചു.

ജില്ലാ കളക്ടർ